കിൻഫ്രക്ക് സർക്കാരിൽനിന്ന് നൽകിയ സഹായം

5 [5561] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ഏത് വർഷമാണ് നിലവിൽ വന്നതെന്ന് അറിയിക്കാമോ;

(ബി) കിൻഫ്രയ്ക്ക് സംസ്ഥാന സർക്കാരിൽ നിന്ന് നൽകിയ ഓഹരി മൂലധന മടക്കമുള്ള ധനസഹായം വർഷം തിരിച്ച് വ്യക്തമാക്കാമോ;

(സി) കിൻഫ്ര എത്ര വ്യവസായ പാർക്കുകളാണ് സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ളത് ഓരോ പാർക്കിന്റെയും മൂലധനച്ചെലവ് എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ പാർക്കുകളിൽ എത്ര വ്യവസായ സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത്; സ്ഥാപനത്തിന്റെ പേരും ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണവും എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഇ) കിൻഫ്ര വഴി സംസ്ഥാനത്തുണ്ടായ സ്വകാര്യ മൂലധന നിക്ഷേപം എത്രയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (കിൻഫ്ര) 1993 ഫെബ്രുവരി മാസം 26-ാം തീയതി നിലവിൽ വന്നു.

(ബി) കിൻഫ്രക്ക് സംസ്ഥാന സർക്കാരിൽനിന്ന് നൽകിയ ധനസഹായത്തിന്റെ വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

വർഷം	തുക കോടിയിൽ
1993-94	9.831
1994-95	23.20
1995-96	20.00
1996-97	16.94
1997-98	14.40
1998-99	21.50
1999-00	19.00
2000-01	14.25
2001-02	4.00
2002-03	17.85

LIBRARY ARCHIVES Kerala Legislative Assembly

(സി) കിൻഫ്രയുടെ പൂർണ്ണ ഉടമസ്ഥതയിലുള്ള പാർക്കുകളുടേയും കിൻഫ്രയുടെ സംയുക്ത സംരംഭങ്ങളുടേയും മൂലധനച്ചെലവുകൾ സംബന്ധിച്ച വിശദവിവരം അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്. †

(ഡി, ഇ) കിൻഫ്രയുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഇപ്പോൾ പ്രവർത്തനക്ഷമമായിട്ടുള്ള വ്യവസായ പാർക്കുകളിലുള്ള വ്യവസായ സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപവും അവിടെ ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണവും സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 2-ൽ ചേർത്തിട്ടുണ്ട്. ††

ജിം-ൽ ഒപ്പുവച്ച പദ്ധതികളുമായി ബന്ധപ്പെട്ട് കെ. എസ്. ഐ. ഡി. സി., കിൻഫ്ര തുടങ്ങിയ സ്ഥാപനങ്ങൾ ഏറ്റെടുത്ത ഭൂമി

6 [5562] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിം-ൽ ഒപ്പുവച്ച പദ്ധതികളുമായി ബന്ധപ്പെട്ട് കെ. എസ്. ഐ. ഡി. സി., കിൻഫ്ര തുടങ്ങിയ സ്ഥാപനങ്ങൾ സർക്കാരിന്റെ വിവിധ വകുപ്പുകളുടെ കീഴിലുള്ള എത്ര ഹെക്ടർ ഭൂമി ഏറ്റെടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഭൂമി ഏറ്റെടുത്തിട്ടുള്ളത് ഏതൊക്കെ പദ്ധതികൾക്കു വേണ്ടിയാണെന്ന് വ്യക്തമാക്കാമോ;

(സി) ഏതൊക്കെ വകുപ്പുകളുടെ കീഴിലുള്ള ഭൂമിയാണ് ഈ പദ്ധതികൾക്കായി ഏറ്റെടുത്തിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) ജിം പദ്ധതികൾ വ്യവസായ വകുപ്പിന്റെ ഏത് ഏജൻസിയാണ് പരിശോധനയും മോണിറ്ററിംഗും നടത്തുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) ഇതിനകം സർക്കാർ ക്ലിയറൻസ് കിട്ടിയ പദ്ധതികൾക്ക് ഭൂമി ആവശ്യമുള്ളതാണോ; എങ്കിൽ ഏതൊക്കെ പദ്ധതികൾക്കാണ് ഭൂമി അനുവദിച്ചു നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(എഫ്) ഭൂമി ഏറ്റെടുക്കുമ്പോൾ അതിനായി സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ വിശദമാക്കാമോ;

(ജി) ഭൂമിയുടെ മാർക്കറ്റ് വില നിശ്ചയിച്ചിരുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(എച്ച്) ഭൂമി ഏറ്റെടുക്കുന്നതിനായി ഇതുവരെ ചെലവഴിച്ചിട്ടുള്ള സംഖ്യ എത്ര; ഈ സംഖ്യ ഏതൊക്കെ പദ്ധതികളിൽ ഭൂമി വാങ്ങുന്നതിനാണ് വിനിയോഗിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

---

†, †† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly